## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2480 — 19.06.2013 -ൽ മറുപടിക്ക്.

### അന്യസംസ്ഥാന തൊഴിലാളികൾക്ക് വെൽഫെയർ ബോർഡിൽ നിന്നും ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കണക്ക് തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ ഏകദേശം 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ ഉണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ 60% പേർ നിർമ്മാണമേഖലയിലാണെന്ന് പഠനം തെളിയിക്കുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ പഠനറിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) പ്രസ്തുത തൊഴിലാളികൾക്ക് കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് നിലവിൽ നൽകി വരുന്നത്; | (ബി) ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫയർ ബോർഡിന്റെ കീഴിലുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്ത അന്യസംസ്ഥാന തൊഴിലാളികൾക്ക് കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫയർ ബോർഡിൽ നിന്നും നിലവിൽ നൽകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മരണാനന്തര ആനുകൂല്യം<br>2. ആശ്വാസ ധനസഹായം<br>3. ചികിത്സാസഹായം<br>4. ടെർമിനൽ ബെനിഫിറ്റ്<br>5. ഭൗതിക ശരീരം നാട്ടിലെത്തിക്കാൻ ധനസഹായം<br>6. വിദ്യാഭ്യാസ ഗ്രാൻറ് |

| | |
|---|---|
| (സി) പ്രസ്തുത തൊഴിലാളികളെ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന തൊഴിലുടമകൾ തൊഴിലാളികളുടെ ക്ഷേമത്തിനായി അടയ്ക്കുന്ന സെസ് തുകയിൽ നിന്നും അന്യസംസ്ഥാന തൊഴിലാളികൾക്ക് എന്തെങ്കിലും ക്ഷേമ, ധനസഹായങ്ങൾ ബോർഡ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; വിശദാംശം നൽകാമോ; | (സി) ഇതിന് സെസ്സ് നിയമത്തിൽ വ്യവസ്ഥയില്ല. |
| (ഡി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് താൽക്കാലികമായെങ്കിലും ബോർഡിൽ അംഗത്വം രജിസ്റ്റർ ചെയ്ത് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിനു കീഴിൽ ആരംഭിച്ചിട്ടുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ അന്യസംസ്ഥാന തൊഴിലാളികളേയും നിർബന്ധമായി രജിസ്റ്റർ ചെയ്ത് ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.